(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 [2480] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ഹാജർ സംവിധാനവും മൂവ്മെന്റും ക്രമീകരിക്കുവാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ബി) മറ്റ് ഓഫീസുകളിലും ഇത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ഹാജർ സംവിധാനവും മൂവ്മെന്റും ക്രമീകരിക്കുവാൻ ബന്ധപ്പെട്ടവർക്കും വകുപ്പുതലവൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മറ്റ് ഓഫീസുകളിലും ഹാജർ സംവിധാനം ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗ്രാജ്വേറ്റ് ടൈപ്പിസ്റ്റുമാരെ ട്രെയിനിമാരായി നിയമനം നൽകാൻ നടപടി

2 [2481] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ എത്ര ഗ്രാജ്വേറ്റ് ടൈപ്പിസ്റ്റുമാർ ഇപ്പോഴും സെക്ഷൻ ഓഫീസർ ട്രെയിനിമാരായി നിയമിക്കപ്പെടുവാനർഹരായിട്ടുണ്ട്;

(ബി) ഇതിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ എത്രപേർ സ്യൂട്ടബിലിറ്റി ടെസ്റ്റ് പാസ്സായിട്ടുണ്ട്;

(ഡി) സ്യൂട്ടബിലിറ്റി ടെസ്റ്റ് പാസ്സായവരെ സെക്ഷൻ ആഫീസർ ട്രെയിനി മാരായി പോസ്റ്റ് ചെയ്യേണ്ടതില്ലെന്ന് പി.എസ്.സി. നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ സ്യൂട്ടബിലിറ്റി ടെസ്റ്റ് പാസ്സായ ടൈപ്പിസ്റ്റുമാരെ സെക്ഷൻ ആഫീസർ ട്രെയിനിമാരായി നിയമനം നൽകാൻ മുൻഗണന നൽകുമോ?

ഉത്തരം

(എ) പൊതുഭരണ വകുപ്പിൽ ഒരു വിഭാഗത്തിൽപ്പെട്ട ജീവനക്കാരേയും സെക്ഷൻ ഓഫീസർ ട്രെയിനിയായി നിയമിക്കുന്നതിന് വ്യവസ്ഥയില്ല.

(ബി—ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly